**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 693 — 27.04.2017-ൽ മറുപടിയ്ക്ക്

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് "പാർലമെന്ററി ജനാധിപത്യം" എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂളുകളിൽ സെമിനാർ നടത്താൻ ഉദ്ദേശിച്ചിരുന്നോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ;<br><br>(ബി) എന്നാൽ പ്രസ്തുത പരിപാടി വേണ്ടത്ര വിജയം നേടാൻ കഴിഞ്ഞില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഓരോ സർക്കാർ/ എയിഡഡ് സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ എം.എൽ.എ-മാരോടും തങ്ങളുടെ മണ്ഡലത്തിലെ ഓരോ സ്കൂളുകളെ സെമിനാറിനായി തെരഞ്ഞെടുത്ത് അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 82 എം.എൽ.എ മാർ മാത്രമാണ് സ്കൂളുകൾ നിശ്ചയിച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചത്. അതിൽ 37 സ്കൂളുകൾ മാത്രമാണ് 2016-17 അദ്ധ്യയന വർഷത്തിൽ സെമിനാർ സംഘടിപ്പിച്ചതായി റിപ്പോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ നൂറ്റിനാല്പത് മണ്ഡലങ്ങളിലെ സ്കൂളിൽ നടത്തേണ്ട പരിപാടി മുപ്പത്തിയാറ് സ്കൂളുകളിൽ മാത്രമായി ഒതുങ്ങിയതിന്റെ കാരണം വിശദമാക്കാമോ; | (സി) | ബഹു. എം.എൽ.എ മാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത സ്കൂളുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിരുന്നെങ്കിലും ബന്ധപ്പെട്ട എല്ലാ സ്കൂൾ അധികാരികളും ടി വിഷയത്തിൽ മതിയായ പ്രാധാന്യം നല്കിയില്ല. ആയതിനാൽ 37 സ്കൂളുകളിൽ മാത്രമേ സെമിനാർ സംഘടിപ്പിച്ചിട്ടുള്ളൂ |
| (ഡി) | പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുകയിൽ എത്ര ശതമാനം ചെലവാക്കി എന്നറിയിക്കാമോ; | (ഡി) | 26.3 % |
| (ഇ) | ഭാവിയിൽ ഇത്തരം പദ്ധതികൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | അടുത്ത അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ സ്കൂളുകളെ നിശ്ചയിച്ച് ബന്ധപ്പെട്ട എം. എൽ. എ മാരുടെയും ജനപ്രതിനിധി കളുടേയും അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെയും സഹകരണത്തോടെ ടി പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ